# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 316

06.01.2014-ലെ മറുപടിക്ക്

### സോളാർ തട്ടിപ്പുകേസിലെ പ്രതി ജയിൽ അധികൃതർ മുഖേന നൽകിയ മൊഴി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സോളാർ തട്ടിപ്പു കേസിലെ പ്രതി സരിത നായർ, പത്തനംതിട്ട ജയിലിൽ കഴിയുമ്പോൾ ജയിൽ അധികൃതർ മുഖേന അഡ്വക്കേറ്റ് ഫെനി ബാലകൃഷ്ണന് കോടതിയിൽ സമർപ്പിക്കുന്നതിനായി 22 പേജുള്ള ഒരു രേഖ കൈമാറിയിട്ടുള്ളതായി ജയിലിൽ സൂക്ഷിക്കപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ അന്വേഷണ സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ബി) പ്രസ്തുത രേഖ കൈവശപ്പെടുത്തുവാനും അതുവഴി അന്വേഷണം നീക്കുവാനും സാധ്യമായിട്ടുണ്ടോ; പ്രസ്തുത രേഖ കൈവശപ്പെടുത്തുവാൻ യഥാസമയം അന്വേഷണ സംഘം തയ്യാറായിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണമെന്ത്;<br>സി) അന്വേഷണം നടക്കുന്ന ഘട്ടത്തിൽ അന്വേഷണത്തിന്റെ ഭാഗമായി അറസ്റ്റുചെയ്യപ്പെട്ട് ജയിലിൽ കഴിയുന്ന പ്രധാനപ്രതി ഇത്രയും അധികം പേജുകളിൽ വെളിപ്പെടുത്തിയ വിവരങ്ങൾ ഉടൻ കസ്റ്റഡിയിലെടുത്ത് അന്വേഷണത്തിന്റെ ഭാഗമാക്കാൻ അന്വേഷണസംഘം തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ്; അവയിലെ വിശദ വിവരങ്ങൾ സംബന്ധിച്ച് തത്സമയം ശ്രീമതി.സരിതയുടെ അഡ്വക്കേറ്റിനെ ചോദ്യം ചെയ്ത് ശേഖരിക്കുകയുണ്ടായോ; വ്യക്തമാക്കാമോ; | (എ)യും (ബി)യും (സി)യും :<br>ജുഡീഷ്യൽ കസ്റ്റഡിയിലുള്ള ഒരു പ്രതി തന്റെ അഡ്വക്കേറ്റുമായി കോടതിയുടെ അനുമതിയോടെ നടത്തുന്ന കമ്മ്യൂണിക്കേഷൻ പിടിച്ചെടുക്കാൻ അന്വേഷണ ഉദ്യോഗസ്ഥന് അധികാരമില്ലാത്തതാണ്. ഇക്കാര്യത്തിൽ തെളിവ് നിയമം 126-ാം വകുപ്പിന്റെ സംരക്ഷണം അത്തരം കമ്മ്യൂണിക്കേഷന് ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ